പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 780 — 02/12/2015 ൽ മറുപടിക്ക്

## സർക്കാർ ആതുരാലയങ്ങൾ

| ചോദ്യം<br>**ശ്രീ.മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്**<br>**,, തോമസ് ഉണ്ണിയാടൻ**<br>**,, റ്റി.യു. കുരുവിള** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ മേഖലയിലെ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഗുണനിലവാരത്തോട്ടുകൂടി ലഭ്യമാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സർക്കാർ മേഖലയിലെ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും അധിക തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഗുണനിലവാരത്തോട്ടുകൂടി ലഭ്യമാക്കുന്നതിന് ആസ്തി വികസന ഫണ്ട്, ആസ്തി പരിപാലന ഫണ്ട്, പദ്ധതി ഫണ്ട്, പദ്ധതിയേതര ഫണ്ട് എന്നിവ കൂടാതെ എല്ലാ സാമ്പത്തിക വർഷവും ഒരു നിശ്ചിത തുക വകയിരുത്തി Major construction work ആരോഗ്യ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾ വഴിയും അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേകം തുക അനുവദിക്കുന്നുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയതിൻ പ്രകാരം കേരളത്തിലെ 9 സർക്കാർ സ്ഥാപനങ്ങൾക്ക് കേന്ദ്രഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. സേവനഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്" പദ്ധതിയിലൂടെ കേരളത്തിലെ 18 ആശുപത്രികൾക്കും ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളിൽ വാർഡുകളുടെ നവീകരണം, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ, മൾട്ടി ഡിസിപ്ലിനറി ഐ.സി.യു.കൾ, ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഏകോപിപ്പിച്ച്, ടേർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കി ഉയർത്തൽ തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ, ആധുനിക സംവിധാനങ്ങളോടെ പുതിയ കെട്ടിടത്തിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുകയും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ചെയ്യത്തക്ക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഇവിടെ ധാരാളമായി നടക്കുന്നുണ്ട്. 26 വെന്റിലേറ്ററുകളോട് കൂടിയ പുതിയ മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. ആരംഭിക്കുകയും ആധുനിക സംവിധാനങ്ങളോടെ മെഡിക്കൽ ഐ.സി.യു.വും മറ്റ് ഐ.സി.യു.കളും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴയ വാർഡുകൾ നവീകരിച്ച് അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്നു. കൂടുതൽ വാർഡുകളിൽ സെൻട്രൽ ഓക്സിജൻ സംവിധാനം ഏർപ്പെടുത്തുകയും ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 27 കോടി അടങ്കൽ തുകയുള്ള പുതിയ കാഷ്വാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണം ധ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള സമഗ്രമായ നടപടികൾ സമയബന്ധിതമായി നടന്നുവരികയുമാണ്/ സർക്കാർ ഹോമിയോ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി "ഹോമിയോപ്പതി ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരം മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ ഒരു പദ്ധതി ഹോമിയോപ്പതി വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ മികച്ച ഹോമിയോ ഡിസ്പെൻസറികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങളും ഏർപ്പെടുത്തി മാതൃകാ |

| | | | |
|---|---|---|---|
| | | | ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്യുക, ക്ലിനിക്കൽ ലാബുകളില്ലാത്ത ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ക്ലിനിക്കൽ ലാബുകൾ, അൾട്രാ സൗണ്ട് സ്കാനർ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുക, ക്ലിനിക്കൽ ലാബുകളിലേയ്ക്ക് റീ-ഏജന്റ്സ് വാങ്ങുക, ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണവും നിർമ്മാണവും നിർവ്വഹിക്കുക, വാഹനസൗകര്യമില്ലാത്ത ആശുപത്രികളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളും ചെയ്തുവരുന്നു. |
| (ബി) | പ്രസ്തുത ആശുപത്രികളിലെ ജീവനക്കാരുടെയും രോഗികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | (ബി) | രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ആശുപത്രികളോടും അനുബന്ധിച്ച് വികസന സമിതികൾ / ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുചേർക്കുകയും രോഗികളുടെ പ്രശ്നങ്ങൾ, ആശുപത്രികളുടെ വികസനത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രി സൂപ്രണ്ടും ആർ.എം.ഒ.യും വാർഡുകൾ സന്ദർശിക്കുകയും ആശുപത്രിയുടെ പ്രവർത്തനത്തെ കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലകളിലെ ആശുപത്രികളിൽ സന്ദർശനം നടത്താറുണ്ട്. ആശുപത്രിയുടെ പ്രവർത്തനത്തിൽ പരാതിയുണ്ടെങ്കിൽ രോഗികൾക്കും സ്റ്റാഫിനും സൂപ്രണ്ടിന് നേരിട്ട് പരാതി നല്കാവുന്നതുമാണ്. ആശുപത്രി ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റാഫ് മീറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ